LIBRARY ARCHIVES Kerala Legislative Assembly

2-2-2021-നുശേഷം പട്ടയ ഭൂമിയിലെ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നാളിതുവരെ 360 ഒ.ആർ. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് റെയിഞ്ച് അടിസ്ഥാനത്തിലാണ്. ഒരു റെയിഞ്ചിന്റെ പരിധിയിൽ ഒന്നിലധികം ജില്ലകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ ജില്ല തിരിച്ചുള്ള കണക്കുകൾ നിലവിൽ ലഭ്യമല്ല.

(ബി) പ്രസ്തുത കേസ്സുകളിലുൾപ്പെട്ട പ്രതികൾ ആരെല്ലാമെന്ന് വിശദമാക്കാമോ?

പട്ടാദാർമാർ ഉൾപ്പെടെ മേൽപ്പറഞ്ഞ നിലവിൽ എടുത്തിട്ടുള്ള 360 കേസ്സുകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ല. 226 സംഭവങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. ആകയാൽ ടി കേസ്സുകളിലുൾപ്പെട്ട പ്രതികളുടെ അന്തിമ വിവരങ്ങൾ ആയിട്ടില്ല. ആയത് അന്വേഷണം പൂർത്തീകരിച്ചാൽ മാത്രമേ അന്തിമമായി പറയാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത വിഷയത്തിൽ ഉത്തരവാദപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇതുസംബന്ധിച്ച് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ ഉന്നതതല അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയാക്കിയാൽ മാത്രമേ വനം വകുപ്പ് ഉദ്യോഗസ്ഥർ ഈ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയാൻ കഴിയുകയുള്ളൂ.

അനധികൃത മരം മുറി

116 (422) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി മുറിച്ച് നീക്കം ചെയ്യപ്പെട്ടിട്ടുള്ള മരങ്ങളുടെ കണക്കുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ?

വനം വകുപ്പ് പ്രാഥമികമായ അന്വേഷണം നടത്തിയിട്ടുണ്ട്. 24-10-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 261/2020/റവ. ദുർവ്യാഖ്യാനം ചെയ്ത് പട്ടയഭൂമിയിലെ മരങ്ങൾ മുറിച്ചതിനെ സംബന്ധിച്ച് വനം വകുപ്പ് പ്രാഥമിക അന്വേഷണം നടത്തുകയും ഈ വിഷയത്തിന്മേൽ തുടരന്വേഷണം ക്രൈംബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തി വരികയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇടനിലക്കാർക്ക് കൊള്ള ലാഭം കൊയ്യാൻ വഴി തുറന്ന മരംമുറി വിവാദത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുമോ?

അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ ആരോപണങ്ങളിലും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരികയാണ്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) പുതിയ സാഹചര്യത്തിൽ കർഷകർക്ക് അവകാശപ്പെട്ട ജന്മാവകാശമുള്ള ഭൂമിയിലെ മരങ്ങൾപോലും മുറിക്കുന്നതിനുള്ള അനുമതി നിഷേധിക്കുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരവിലെ അവ്യക്തതമൂലം കർഷകരെ ദുരിതത്തിലാക്കുന്ന തരത്തിൽ വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ പുനഃപരിശോധിക്കുമോ; വിശദീകരിക്കുമോ ?

കർഷകരെ ദുരിതത്തിലാക്കുന്ന നടപടികളൊന്നും തന്നെ വനം വകുപ്പ് സ്വീകരിച്ചിട്ടില്ല.

മരം മുറിക്കുന്നതിന് ലഭിച്ച അപേക്ഷകൾ

117(423) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ 2020 വരെ ഓരോ വർഷവും മരം മുറിക്കുന്നതിനായി എത്ര അപേക്ഷകളാണ് വനം വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ എത്ര അപേക്ഷകൾക്കാണ് അനുമതി നൽകിയതെന്ന വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2016 മുതൽ 2020 വരെ ഓരോ വർഷവും വ്യക്തികളുടെ കൈവശ പട്ടയഭൂമിയിൽ നിന്നും സ്വകാര്യഭൂമികളിൽ നിന്നും മരം മുറിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.